**പതിനഞ്ചാം കേരള നിയമസഭ**

**പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി**
**(2023-2026)**

# പതിനഞ്ചാമത് റിപ്പോർട്ട്

**(2025 മാർച്ച് 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[പഠനത്തിനായി വിദേശത്ത് പോകുന്ന വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ ഏജൻസികളെ എമിഗ്രേഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ചും ഏജൻസികളുടെ മേൽ നിയമപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചും]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

# പതിനഞ്ചാം കേരള നിയമസഭ

## പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

## പതിനഞ്ചാമത് റിപ്പോർട്ട്

**(2025 മാർച്ച് 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[പഠനത്തിനായി വിദേശത്ത് പോകുന്ന വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ ഏജൻസികളെ എമിഗ്രേഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ചും ഏജൻസികളുടെ മേൽ നിയമപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചും]**

**ഉള്ളടക്കം**


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | : | |
| ആമുഖം | : | |
| റിപ്പോർട്ട് | : | |

## പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

**ഘടന**

**<u>അദ്ധ്യക്ഷൻ:</u>**

ശ്രീ. എ.സി. മൊയ്തീൻ, എം.എൽ.എ.

**<u>അംഗങ്ങൾ:</u>**

ശ്രീ. എ.കെ.എം. അഷ്റഫ്, എം.എൽ.എ.

ഡോ. കെ. ടി. ജലീൽ, എം.എൽ.എ.

ശ്രീ. മാണി സി. കാപ്പൻ, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>**

ഡോ . എൻ. കൃഷ്ണ കുമാർ , സെക്രട്ടറി .

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി.

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി ഷീജ പി.കെ., അണ്ടർ സെക്രട്ടറി

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023 -2026)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പഠനത്തിനായി വിദേശത്ത് പോകുന്ന വിദ്യാർഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളെ 1983-ലെ എമിഗ്രേഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ സാധ്യതയെക്കുറിച്ചും പ്രസ്തുത ഏജൻസികളുടെ മേൽ നിയന്ത്രണവും നിയമപരമായ ക്രമീകരണങ്ങളും എപ്രകാരം ഏർപ്പെടുത്താനാകും എന്നത് സംബന്ധിച്ചുമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒരു യോഗം 21.08.2024-ന് ചേർന്ന് കേരളീയ പ്രവാസി കാര്യം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

എ.സി.മൊയ്തീൻ,
ചെയർപേഴ്സൺ
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

തിരുവനന്തപുരം
2025 മാർച്ച്, 20

## റിപ്പോർട്ട്

കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം ഇതര മേഖലകളെ പോലെ തന്നെ അതിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾക്ക് ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള ഒന്നാണ്. സംസ്ഥാനം നേടിയെടുത്ത 100 ശതമാനം സാക്ഷരതാ നിരക്ക് വിദ്യാഭ്യാസത്തിന് നമ്മൾ നൽകുന്ന പ്രാധാന്യത്തെ എടുത്തുകാട്ടുന്നു. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് സംസ്ഥാനം വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വികസനത്തിന് സംഭാവന നൽകി. ഈ സാഹചര്യത്തിലും മലയാളി വിദ്യാർത്ഥികളുടെ വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം കേരളത്തിലെ സമകാലീന വിഷയങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നു തന്നെയാണ്. കേരളത്തിൽ നിന്നും ഏറ്റവുമധികം വിദ്യാർത്ഥികൾ പ്രധാനമായും യു.എസ്, കാനഡ, യുകെ, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, ജർമ്മനി തുടങ്ങിയ വികസിത രാജ്യങ്ങളിലേക്കാണ് കുടിയേറുന്നത്. ഇവിടങ്ങളിൽ വിദ്യാഭ്യാസം നടത്തുന്നതിന് ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്നുവെന്നത് യാഥാർഥ്യമാണെങ്കിലും വിദ്യാഭ്യാസ പൂർത്തീകരണത്തെത്തുടർന്നുള്ള മെച്ചപ്പെട്ട തൊഴിൽ സാധ്യതയും ആനുകൂല്യങ്ങളുമാണ് ഇടത്തരക്കാരായ മലയാളി വിദ്യാർത്ഥികളെപ്പോലും ഇത്തരം പഠനസമ്പ്രദായങ്ങളിലേക്ക് ആകർഷിക്കുന്നത്.

(2) സംസ്ഥാനത്തെ വിദ്യാർത്ഥി കുടിയേറ്റത്തിൽ, കഴിഞ്ഞ കുറച്ച് കാലയളവിനുള്ളിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ നിരക്ക് വളരെ ഉയർന്നതാണ്. ഇക്കാലയളവിൽ ഉന്നതപഠനത്തിനായി മറ്റ് രാജ്യങ്ങളിലേക്ക് ചേക്കേറിയ വിദ്യാർത്ഥികളുടെ എണ്ണം ഏകദേശം ഇരട്ടിയാണ്. സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പിനും ചൂഷണത്തിനും ഇരയാകുന്ന വിദ്യാർത്ഥികളുടെ എണ്ണവും അതിനനുസൃതമായി വർദ്ധിക്കുന്നുവെന്ന് എടുത്തുപറയേണ്ടതില്ല. കേരളത്തിൽ നിന്നും ഉന്നത വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനുമായി വിദേശത്ത് പോകുന്ന വിദ്യാർഥികൾ പഠനാവശ്യത്തിനായി ചെലവാക്കുന്നത് കോടിക്കണക്കിന് രൂപയാണെന്നാണ് മനസ്സിലാക്കുന്നത്.

(3) ഓരോ രാജ്യത്തെയും പഠനസമ്പ്രദായത്തെക്കുറിച്ചുള്ള ധാരണക്കുറവ്, പ്രാദേശിക നിയമങ്ങളെയും വിദേശപൗരന്മാർക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളെപ്പറ്റിയുമുള്ള അറിവില്ലായ്മ, വിദേശഭാഷകൾ കൈകാര്യം ചെയ്യുന്നതിലുള്ള വൈദഗ്ധ്യമില്ലായ്മ എന്നിവകൊണ്ടും സംസ്ഥാനത്തിനകത്തും പുറത്തുമായി പ്രവർത്തിക്കുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ വാഗ്ദാനങ്ങളിൽ ആകൃഷ്ടരാകുന്നതുകൊണ്ടും സാമ്പത്തിക തട്ടിപ്പിനിരയാകുന്ന വിദ്യാർത്ഥികളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രലോഭനങ്ങളിൽ ആകൃഷ്ടരാകുന്ന വിദ്യാർത്ഥികൾ കോഴ്സുകളുടെ ജോലിസാധ്യതയെയും പ്രസ്തുത കോഴ്സിൻമേലുള്ള തുടർപഠനത്തിനുള്ള സാധ്യതയേയും പറ്റി അറിയാതെ വിദേശരാജ്യങ്ങളിൽ എത്തിച്ചേരുകയും അക്കാരണങ്ങളാൽ അഭിമുഖീകരി ക്കേണ്ടിവരുന്ന പ്രശ്നങ്ങൾ നിമിത്തം പഠനം ഉപേക്ഷിച്ച് മടങ്ങാനോ അല്ലെങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തികബാധ്യത തീർക്കാനായി ഏതെങ്കിലും അനാകർഷകമായ ജോലികളിൽ അവിടങ്ങളിൽ തന്നെ തുടരാനോ നിർബന്ധിതരാകുന്നു എന്നതാണ് യാഥാർഥ്യം. സ്വകാര്യ റിക്രൂട്ടിങ് ഏജൻസികളുടെ സാമ്പത്തിക ചൂഷണത്തിന് ഇരയായി ലക്ഷക്കണക്കിന് രൂപയുടെ സാമ്പത്തിക ബാധ്യത വരുത്തിക്കൊണ്ട് വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികൾക്കുണ്ടാകുന്ന ഈ ദുര്യോഗം അവരുടെ കുടുംബത്തെയും സാമ്പത്തിക പരാധീനതയിലാക്കുന്നു. ആയതിനാൽ ഇക്കാര്യങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

(4) ഈ വിഷയം കേന്ദ്ര എമിഗ്രേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന കാര്യമാകയാൽ വ്യവസ്ഥാപിതമായ ചട്ടങ്ങളുടെ നിയന്ത്രണമോ പരിശോധനയോ രജിസ്ട്രേഷനോ ഇല്ലാതെ സംസ്ഥാനത്തിനകത്തും പുറത്തും കൂണുപോലെ മുളച്ചുപൊങ്ങുന്ന സ്വകാര്യ റിക്രൂട്ടിങ് ഏജൻസികളെ നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. വിദേശത്ത് ജോലിക്കായി റിക്രൂട്ട് ചെയ്യപ്പെടുന്ന തൊഴിലാളികൾക്കെതിരെയുള്ള വഞ്ചന, ചൂഷണം എന്നിവ തടയുക, റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കുക എന്നിവയാണ് 1983 -ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ

എമിഗ്രേഷൻ ആക്ടിന്റെ ഉദ്ദേശ്യം. എന്നാൽ വിദേശപഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾ നേരിടുന്ന ചൂഷണത്തിന് തടയിടണമെങ്കിൽ അത്തരം സ്വകാര്യ റിക്രൂട്ടിങ് ഏജൻസികളുടെ പ്രവർത്തനം കൂടി ഈ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും അവയുടെ പ്രവർത്തനം നിയമവിധേയവും നിയന്ത്രണവിധേയവുമാക്കുന്നതിനും പ്രസ്തുത ആക്ടിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തേണ്ടതുണ്ട്.

(5) പഠനത്തിനായി വിദേശത്ത് പോകുന്ന വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളെ 1983-ലെ എമിഗ്രേഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ സാധ്യതയെക്കുറിച്ചും പ്രസ്തുത ഏജൻസികളുടെ മേൽ നിയന്ത്രണവും നിയമപരമായ ക്രമീകരണങ്ങളും എപ്രകാരം ഏർപ്പെടുത്താനാകും എന്നത് സംബന്ധിച്ചുമുള്ള വിഷയങ്ങളിന്മേൽ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി 21.08.2024-ന് യോഗം ചേർന്ന് കേരളീയ പ്രവാസികാര്യം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു.

പ്രസ്തുത ചർച്ചയുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും സമിതിയുടെ ശിപാർശകളും ചുവടെ ചേർക്കുന്നു.

(6) വിദേശരാജ്യങ്ങളിലേക്ക് ഉപരിപഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾക്കായുള്ള റിക്രൂട്ട്മെന്റ് ഏജൻസികളെ സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം സംബന്ധിച്ച് മുമ്പ് പലതവണ ചർച്ച നടത്തിയ സന്ദർഭങ്ങളിലും വിദേശ റിക്രൂട്ട്മെന്റ് ഏജൻസികളുടെ നിയന്ത്രണത്തിനായി നിയമപരമായി യാതൊരു സംവിധാനങ്ങളുമില്ലായെന്നുള്ളത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. നമ്മുടെ ഭാവിവാഗ്ദാനമായ വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രസ്തുത വിഷയത്തിൽ സംസ്ഥാനത്തിനകത്ത് സാധ്യമായ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ ആയത് ഉപകാരപ്രദമാകുമെന്ന് സമിതി വിലയിരുത്തുന്നു.

(7) കേരളത്തിൽ നിന്നടക്കം പല സംസ്ഥാനങ്ങളിൽ നിന്നും വിദേശപഠനത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നത്. കേന്ദ്രസർക്കാർ പുതുതായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഇന്ത്യൻ എമിഗ്രേഷൻ ബില്ലിന്റെ കരടിൽ തൊഴിലിനായുള്ള റിക്രൂട്ട്മെന്റ് ഏജൻസികളെ സംബന്ധിച്ച് കുറേയേറെ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടെന്നും ഏതെങ്കിലും തരത്തിലുള്ള തട്ടിപ്പ് നടന്നാൽ അതിനെതിരെ നടപടിയെടുക്കാനുള്ള വ്യവസ്ഥകൾ കേന്ദ്രനിയമത്തിലുണ്ടെന്നും പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചിരുന്നു. എന്നാൽ വിദേശപഠനത്തിനായി പോകുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കരട് ബില്ലിൽ ഉൾപ്പെട്ടിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഠനത്തിനായി വിദേശത്ത് പോകുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളിൽ നിന്നുള്ള തട്ടിപ്പിൽ നിന്നും ചൂഷണത്തിൽ നിന്നും രക്ഷ നൽകുന്നതിന് ഉപകാരപ്രദമായ വ്യവസ്ഥകൾ കൂടി എമിഗ്രേഷൻ നിയമത്തിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

(8) വിദേശത്തേയ്ക്ക് വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികളെ പോകാൻ സഹായിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിൽ ഇപ്പോൾ യാതൊരു നിയന്ത്രണമോ വ്യവസ്ഥകളോ കൂടാതെ ദിനം പ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം റിക്രൂട്ട്മെന്റ് ഏജൻസികൾ പലതും വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ശരിയായ മാർഗ്ഗനിർദ്ദേശം നൽകുകയല്ല സാമ്പത്തികചൂഷണം മാത്രം ലക്ഷ്യമാക്കി ഏറ്റവും വേഗത്തിൽ പരമാവധി ആളുകളെ വിദേശത്തേക്ക് കയറ്റി വിടുകയാണ് ചെയ്യുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം ഏജൻസികളെ നിയന്ത്രിക്കുന്നതിനായി ഒരു സംവിധാനം കൊണ്ടുവരുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്ന നടപടി നോർക്കവകുപ്പിന്റെ ഭാഗത്ത് നിന്നും ആരംഭിച്ചിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ വകുപ്പുദ്യോഗസ്ഥർ സമിതി മുമ്പാകെ ബോധിപ്പിച്ചു. നോർക്ക വകുപ്പിന് ഇത്തരം റിക്രൂട്ട്മെന്റ് ഏജൻസികളെ എംപാനൽ ചെയ്യാൻ സാധിക്കുമെന്നുള്ളതിനാൽ ലൈസൻസിംഗ് അതോറിറ്റിയായി നോർക്കയെ

പ്രഖ്യാപിക്കുന്നതിനും നോർക്ക വകുപ്പ് മുഖേന ലൈസൻസ് ലഭിക്കുന്ന ഏജൻസികളാണ് നിയമപരമായിട്ടുള്ളതെന്നും അത്തരം ഏജൻസികൾ വഴി വിദേശത്ത് പഠനത്തിനായി പോകുന്നത് സുരക്ഷിതമായിരിക്കുമെന്നുമുള്ള വിവരങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(9) കേരളത്തിൽ നിന്നും വിദേശത്തേക്ക് പോകുന്ന എല്ലാ വിദ്യാർത്ഥികളെയും സംസ്ഥാനത്തിനകത്തുള്ള ഏജൻസികൾ മാത്രമല്ല റിക്രൂട്ട് ചെയ്യുന്നത്. സംസ്ഥാനത്തിന് പുറത്തുള്ളവയുമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കേരളത്തിന് പുറത്തുള്ള റിക്രൂട്ട്മെന്റ് ഏജൻസികളെ നോർക്ക വകുപ്പ് രൂപം കൊടുക്കുന്ന വ്യവസ്ഥയിൻ കീഴിൽ കൊണ്ടുവരുന്നതിന്റെ സാധ്യത പരിശോധിച്ച സമിതി കേരളത്തിലെ വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിൽ തട്ടിപ്പിനിരയായിട്ടുണ്ടെങ്കിൽ പ്രസ്തുത സംസ്ഥാനങ്ങളിലെ ആഭ്യന്തര വകുപ്പുമായും പോലീസുമായും ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിനുള്ള ഒരു സംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(10) ഇന്ത്യയിൽ കേരളത്തെ പോലെ വിദേശത്തേക്ക് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കാൻ പോകുന്നത് പഞ്ചാബ് സംസ്ഥാനത്താണെന്നും പഞ്ചാബിൽ വിദേശ റിക്രൂട്ട്മെന്റ് ഏജൻസികളെ സംബന്ധിച്ച് നിരവധി പ്രശ്നങ്ങളുണ്ടാകുന്നതിനാൽ അത്തരം റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കു ന്നതിനായി ഒരു ലൈസൻസിംഗ് സംവിധാനം തയ്യാറാക്കിയിട്ടുണ്ടെന്നും അത് സംബന്ധിച്ച് നിയമനിർമ്മാണം പ്രാരംഭഘട്ടത്തിലാണെന്നും തെളിവെടുപ്പ് യോഗത്തിൽ നോർക്ക വകുപ്പ് സെക്രട്ടറി നൽകിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് വിദേശ റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കുന്നതിനായി പഞ്ചാബിലെ പോലെ ഒരു നിയമനിർമ്മാണം കൊണ്ടുവന്നാൽ നോർക്ക അംഗീകരിച്ചിട്ടുള്ള ഏജൻസികൾക്ക് മാത്രമേ നിയമപരമായി റിക്രൂട്ട്മെന്റ് നടത്താൻ സാധിക്കുകയുള്ളൂവെന്നും അതിനെതിരായി പ്രവർത്തിക്കുന്ന ഏജൻസികൾക്ക് എതിരെ നടപടിയെടുക്കാൻ സാധ്യമാകുമെന്നും സമിതി

വിലയിരുത്തുന്നു. ആയതിനാൽ <u>വിദേശ റിക്രൂട്ട്മെന്റ് ഏജൻസികളെ നിയന്ത്രിക്കുന്നതിനായി ലൈസൻസിംഗ് സംവിധാനം കൊണ്ടുവരുന്നതിനുള്ള നിയമനടപടി സ്വീകരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(11) വിദേശ റിക്രൂട്ട്മെന്റ് ഏജൻസികൾ മുഖേന തട്ടിപ്പിനിരയാകുന്ന വിദ്യാർത്ഥികളിൽ നിന്നും നോർക്ക വകുപ്പിന് ലഭിക്കുന്ന പരാതികൾ പോലീസിന് കൈമാറുകയാണ് ചെയ്യുന്നതെന്നും റിക്രൂട്ട്മെന്റ് ഏജൻസികൾ മുഖേന നടക്കുന്ന തട്ടിപ്പുകളെക്കുറിച്ച് നോർക്ക വകുപ്പ് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

(12) 1983-ലെ എമിഗ്രേഷൻ ആക്ട് പ്രകാരം ലൈസൻസുള്ള റിക്രൂട്ടിംഗ് ഏജൻസികൾക്ക് മാത്രമാണ് തൊഴിലിനായി റിക്രൂട്ട് ചെയ്യാൻ അനുമതിയുള്ളത്. പഠനത്തിനായി വിദേശത്ത് പോകുന്ന വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളെകുറിച്ച് എമിഗ്രേഷൻ ആക്ടിൽ ഒന്നും തന്നെ പരാമർശിച്ചി ട്ടില്ലാത്തതിനാൽ അത്തരം ഏജൻസികൾ യാതൊരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുകയാണ്. നിലവിൽ നോർക്കയുടെ മേൽ നോട്ടത്തിൽ PDOT യും (Pre-Departure Orientation Training) ബോധവൽക്കരണ പരിപാടികളും നൽകിവരുന്നുണ്ടെങ്കിലും ഇപ്പോഴും നിയമവിരുദ്ധമായി പല ഏജൻസികളും വ്യക്തികളും ധാരാളം റിക്രൂട്ട്മെന്റുകൾ നടത്തുന്നതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

(13) വിദേശത്ത് പഠനത്തിനായി ധാരാളം വിദ്യാർത്ഥികൾ പോകുന്നുണ്ടെങ്കിലും അവരെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് അവരുടെ സുരക്ഷിതത്വത്തെക്കുറിച്ച് ബോധവാൻമാരല്ലെന്നും വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ മേൽ നിയമപരമായി നിയന്ത്രണം കൊണ്ടുവരുന്നതിനും വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നമ്മുടെ സംസ്ഥാനത്ത് നിലവിൽ ഫലപ്രദമായ നിയമവ്യവസ്ഥയില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ

<u>വിദേശപഠനത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ മേൽ നിയന്ത്രണം കൊണ്ടുവരുന്നതിനും വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിൽ അനുയോജ്യമായ സംവിധാനം കൊണ്ടുവരുന്നതിനും അതോടൊപ്പം ഇക്കാര്യത്തിൽ മതിയായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കേന്ദ്ര എമിഗ്രേഷൻ നിയമത്തിൽ ഭേദഗതികൾ കൊണ്ടുവരുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(14) വിദേശപഠനത്തിന് തയ്യാറെടുക്കുന്ന മലയാളി വിദ്യാർത്ഥികൾ സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളിൽ നിന്നും നേരിട്ടുകൊണ്ടിരിക്കുന്ന ചൂഷണം സംബന്ധിച്ച വിഷയം വളരെ ഗൗരവമേറിയതും കാലികപ്രസക്തിയുള്ളതാണെന്നതും കണക്കിലെടുത്താണ് സമിതി ഈ വിഷയം പരിഗണിക്കുന്നതിനും വിദ്യാർത്ഥി സമൂഹത്തിന് നിയമപരമായ പരിരക്ഷ നൽകി അവരെ ഇത്തരം ചൂഷണങ്ങളിൽ നിന്നും രക്ഷിക്കുവാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതിന്റെ സാധ്യതകൾ തേടുന്നതിനും തീരുമാനിച്ചത്. സമിതി നടത്തിയ ചർച്ചകളിലൂടെ എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ടിലൂടെ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിലാക്കിയാൽ വലിയൊരളവുവരെ ഇത്തരം ചൂഷണങ്ങൾ നിയന്ത്രിക്കുവാൻ കഴിയുമെന്നും അത് സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരപ്രദമാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

എ.സി. മൊയ്തീൻ
ചെയർപേഴ്സൺ
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

തിരുവനന്തപുരം
17.03.2025